# KERALA POLICE INFORMATION CENTRE

**No.** 09/PR/PIC/PHQ/10 **Date : 19 /01/10**

## "പോലീസ് ആസ്ഥാന മന്ദിര സമുച്ചയം" ആഭ്യന്തര മന്ത്രി ശ്രീ.കോടിയേരി ബാലകൃഷ്ണൻ ജനുവരി 20 ന് ഉത്ഘാടനം ചെയ്യുന്നു.

തിരുവനന്തപുരം പോലീസ് ആസ്ഥാനത്ത് അത്യാധുനിക സൗകര്യങ്ങളോട് കൂടി പണികഴിപ്പിച്ച പോലീസ് ആസ്ഥാന മന്ദിര സമുച്ചയത്തിന്റെ ഔപചാരികമായ ഉത്ഘാടനം കേരളാ ആഭ്യന്തര മന്ത്രി ശ്രീ. കോടിയേരി ബാലകൃഷ്ണൻ നിർവഹിക്കുന്നു. 2010 ജനുവരി 20 ാം തീയതി വൈകുന്നേരം 4 മണിയ്ക്ക് നടക്കുന്ന ഉത്ഘാടന ചടങ്ങിൽ ശ്രീ. വി. ശിവൻകുട്ടി, എം. എൽ. എ അദ്ധ്യക്ഷനായിരിക്കും. ആരാധ്യനായ നഗരസഭാ മേയർ ശ്രീ. ജയൻ ബാബു, ആഭ്യന്തരവകുപ്പ് സെക്രട്ടറി ശ്രീ. കെ. ജയകുമാർ, ഐ.എ.എസ്, മുൻ ഡി.ജി.പി ശ്രീ. രാജഗോപാൽ നാരായൺ, ഇന്റലിജൻസ് എ.ഡി.ജി.പി Dr. സിബി മാത്യുസ് തുടങ്ങിയവർ ചടങ്ങിൽ ആശംസകൾ അർപ്പിക്കും. ഡി.ജി.പി ശ്രീ. ജേക്കബ് പുന്നൂസ് പ്രോജക്ട് അവതരണവും, കെ.പി.എച്ച്.സി.സി മാനേജിംഗ് ഡയറക്ടർ ശ്രീ. എം. എൻ. കൃഷ്ണമൂർത്തി റിപ്പോർട്ട് അവതരണവും നടത്തും.

സ്ഥലപരിമിതിയുണ്ടായിരുന്ന പോലീസ് ആസ്ഥാനത്തെ വിവിധ ആഫീസുകൾ, തിരുവനന്തപുരം നഗരത്തിന്റെ വിവിധ ഇടങ്ങളിൽ വാടക കെട്ടിടങ്ങളിൽ പ്രവർത്തിച്ചുവരുന്ന പോലീസിന്റെ മറ്റ് ആഫീസുകൾ, ക്രൈംബ്രാഞ്ച് മേധാവിയുടെ ആഫീസ് എന്നിവ ഇനി ഈ പുതിയ മന്ദിരത്തിലാണ് പ്രവർത്തിക്കുക. ജനമൈത്രി ഫോയർ, എൻ. ആർ. ഐ സെൽ, ഹൈടെക് ക്രൈം എൻക്വയറി സെൽ, പോലീസ് അലർട്ട് സെൽ, പോലീസ് ഇൻഫർമേഷൻ സെന്റർ, കമ്മ്യൂണിക്കേഷൻ ആന്റ് കംപ്യൂട്ടർ സെന്റർ, പ്രസ് ബ്രീഫിങ് റൂം, എന്നിവയും ഈ മന്ദിരത്തിലാണ് പ്രവർത്തിക്കുന്നത്. കേരളാ പോലീസ് ഹൗസിങ് ആന്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനാണ് ഏഴു നിലകളിൽ 37525 സ്ക്വയർ ഫീറ്റ് വിസ്തൃതിയുള്ള ഈ മന്ദിരം നിർമ്മിച്ചത്. 1996 ആഗസ്റ്റ് 17 ന് അന്നത്തെ കേരള മുഖ്യമന്ത്രിയായിരുന്ന ശ്രീ. ഇ.കെ.നായനാർ അവർകളാണ് ഈ മന്ദിരത്തിന്റെ ശിലാസ്ഥാപന കർമ്മം നിർവ്വഹിച്ചത്.

The contents of this documents may be deemed to be based on received information which is subject to further verification